ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) : കരിമുകളിൽ പ്രവർത്തിക്കുന്ന ഫിലിപ്സ് കാർബൺ ബ്ലാക്ക് ലിമിറ്റഡിലെ തൊഴിലാളികൾ ഡിസംബർ 8-ാം തീയതി മുതൽ പണിമുടക്കിലാണ്. പല ഘട്ടങ്ങളിലായി അസിസ്റ്റന്റ് ലേബർ കമ്മിഷണർ റീജിയണൽ ലേബർ കമ്മിഷണർ, ലേബർ കമ്മിഷണർ ഒക്കെ കോൺഫറൻസ് വിളിച്ചു. 24-3-2000-ത്തിൽ എന്റെയും, തൊഴിൽവകുപ്പു സെക്രട്ടറിയുടെയും സാന്നിദ്ധ്യത്തിൽ നടന്ന അനുരഞ്ജനത്തിൽ തൊഴിലാളികൾ സാധാരണഗതിയിൽ ഉന്നയിക്കാൻ പാടില്ലാത്ത ചെറിയകാര്യങ്ങൾക്ക് തർക്കം പറഞ്ഞതിന്റെ പേരിലാണ് തീരുമാനമുണ്ടാകാതെ പോയത്. ഇപ്പോൾ അവർ അംഗീകരിക്കാൻ തയ്യാറാണെന്ന് എന്നെ രേഖാമൂലമല്ലാതെ അറിയിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ലേബർ സെക്രട്ടറിയോട് അടിയന്തിരമായി കോൺഫറൻസ് വിളിക്കാനും തീരുമാനമുണ്ടാക്കാനും നിർദ്ദേശിച്ചിട്ടുണ്ട്.

(30) സ്വകാര്യ ആശുപത്രി ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ

ശ്രീമതി ഗിരിജാ സുരേന്ദ്രൻ : സർ, കേരളത്തിൽ അലോപ്പതി, ആയുർവേദം, ഹോമിയോ, യുനാനി എന്നീ വിവിധവിഭാഗം സ്വകാര്യാശുപത്രികളിലായി ഒന്നേകാൽ ലക്ഷത്തോളം ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്. ആതുരശുശ്രൂഷാരംഗം സേവനം എന്നതിലുപരി ലാഭകേരമായ ബിസിനസായി കാണുന്ന ഇത്തരം സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് സേവന-വേതന വ്യസ്ഥകളൊന്നും ഫലത്തിൽ നിലവിലില്ല. രോഗികളിൽ നിന്നും കനത്ത ഫീസ് ഈടാക്കുമ്പോഴും തൊഴിലാളികൾക്ക് തുച്ഛമായ വേതനം മാത്രമാണ് ലഭിക്കുന്നത്. ഇവരുടെ തൊഴിലിന് യാതൊരു സുരക്ഷിതത്വവുമില്ല. സ്വകാര്യ ആശുപത്രി ജീവനക്കാരുടെ മിനിമം വേതനം കഴിഞ്ഞ 20 വർഷമായി പുതുക്കി നിശ്ചയിച്ചിട്ടില്ല. ഇത്ര നീണ്ട കാലയളവിൽ വേതന പരിഷ്ക്കരണം നടപ്പിലാക്കാത്ത മറ്റൊരു വിഭാഗം തൊഴിലാളികളും നമ്മുടെ സംസ്ഥാനത്തില്ല. ഇവരുടെ തൊഴിലിന് സുരക്ഷിതത്വം ഉറപ്പുവരുത്താൻ പ്രൈവറ്റ് ഹോസ്പ്പിറ്റൽ എപ്ലോയീസ് ആക്ട് രൂപീകരിക്കണമെന്നുള്ളത് ജീവനക്കാരുടെ വർഷങ്ങളായുള്ള ആവശ്യമാണ്. എന്നാൽ ആ ആക്ട് രൂപീകരിക്കുന്നതിന് പകരം shops and establishments act-ൽ നിന്നും രണ്ടുവർഷത്തേയ്ക്ക് ഇവരെ ഒഴിവാക്കുകയാണ്. ചെയ്തിരിക്കുന്നത്. ഇതുകാരണം ഇപ്പോൾ ലഭ്യമായ പരിമിതമായ ആനുകൂല്യങ്ങൾ പോലും നിഷേധിക്കപ്പെടുന്നു. ബഹുഭൂരിപക്ഷവും സ്ത്രീകൾ പണിയെടുക്കുന്ന ഈ മേഖലകളിൽ മെറ്റേണിറ്റി ആക്ട് ബാധകമാക്കിയിട്ടില്ല. ആശുപത്രിയിലാണ് ജോലി ചെയ്യുന്നതെങ്കിലും പല ആശുപത്രികളിലും സൗജന്യ ചികിത്സപോലും ലഭിക്കുന്നില്ല. തൊഴിലില്ലായ്മ, പട്ടിണി എന്നിവ കാരണം ഈ മേഖലയിൽ തൊഴിലെടുക്കാൻ നിർബന്ധിക്കപ്പെട്ട സ്വകാര്യ ആശുപത്രി ജീവനക്കാരുടെ അനുദിനം വഷളായിക്കൊണ്ടിരിക്കുന്ന ജീവിത സാഹചര്യം കണക്കിലെടുത്ത് അവരുടെ പ്രശ്നങ്ങൾക്ക് അടിയന്തിര പരിഹാരം കാണാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) : സർ, സ്വകാര്യ ആശുപത്രി ജീവനക്കാരുടെ മിനിമം വേതനം പുതുക്കി നിശ്ചയിക്കാൻ 1999-ൽ പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിക്കുകയും അതിന്മേൽ ലഭിച്ച ആക്ഷേപങ്ങളും നിർദ്ദേശങ്ങളുമെല്ലാം മിനിമം വേതന സ്റ്റേറ്റ് അഡ്വൈസറി ബോർഡിന് അയച്ചുകൊടുത്ത് അഭിപ്രായം വാങ്ങുകയും ചെയ്തിട്ടുണ്ട്. ഉപദേശക സമിതിയുടെ അഭിപ്രായങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ലേബർ കമ്മിഷണർ നൽകിയ അന്തിമ വിജ്ഞാപനത്തിന്റെ കരട് നിയമവകുപ്പിന്റെ പരിശോധനയിലാണ്. വളരെ വൈകാതെ തന്നെ സ്വകാര്യ ആശുപത്രി ജീവനക്കാരുടെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കാൻ കഴിയുന്നതാണ്. എന്നാൽ മേൽപ്പറഞ്ഞ പ്രാഥമിക വിജ്ഞാപനത്തെ കേരള പ്രൈവറ്റ് ഹോസ്പ്പിറ്റൽ അസോസിയേഷൻ ഹൈക്കോടതിയിൽ ചോദ്യം ചെയ്തു. ഒരു. ഒ.പി. ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഹൈക്കോടതിയുടെ വിധിക്കു വിധേയമായി മാത്രമേ അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കാവൂ എന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. പ്രസ്തുത ഒ.പി. യിലെ statement of facts സർക്കാർ അഡ്വക്കേറ്റ് ജനറലിന് അയച്ചുകൊടുത്തിട്ടുണ്ട്. കടകളിലെയും വാണിജ്യ സ്ഥാപനങ്ങളിലെയും തൊഴിലാളികൾക്കായി രൂപീകരിക്കുന്ന ക്ഷേമനിധിയിൽ സ്വകാര്യ ആശുപത്രി ജീവനക്കാരും ഉൾപ്പെടുന്നതിനാൽ ഇവർക്ക് പ്രത്യേകം ക്ഷേമനിധി രൂപീകരിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(31) ജില്ലാ സഹകരണ ബാങ്കുകൾ സഹകരണ അക്കാഡമിക്ക് നൽകുന്ന തുക

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, സഹകരണ അക്കാഡമിക്കുവേണ്ടി പണം സംഭരിക്കാൻ ഗവൺമെന്റ് തീരുമാനമെടുത്തു. സാധാരണ നല്ല കാര്യങ്ങൾക്കു വിനിയോഗിക്കാനുള്ള ഒരു എമൗണ്ട് അതിന് മാറ്റിവയ്ക്കുന്ന തുകയ്ക്കകത്തുനിന്നും മാത്രമേ എടുക്കാവൂ എന്നു പറയുന്ന ഒരു നിയമം ഹൈക്കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ ഉണ്ടായിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് ഓറലായി ഒരു ഇൻസ്ട്രക്ഷൻ കൊടുത്തുവെന്നാണ് ഇപ്പോൾ പുറത്തുവന്നിരിക്കുന്ന അഭ്യൂഹം. അംഗങ്ങളുടെ ഡിവിഡന്റുപോലും കൊടുക്കാതെ ഈ പറയുന്ന തുക ഈയിനത്തിൽ വകകൊള്ളിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഗവൺമെന്റ് ഒരു ഓറൽ ഇൻസ്ട്രക്ഷൻ കൊടുത്തിട്ടുള്ളതായി ഒരു അഭ്യൂഹം പരന്നിട്ടുണ്ട്. അങ്ങനെ വരുമ്പോൾ കേരളത്തിലെ സഹകാരികൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് ഡിവിഡന്റ് കിട്ടാതെപോകും എന്നുള്ളതാണ്. സഹകാരികൾക്ക് സഹകരണ പ്രസ്ഥാനത്തിനകത്തുള്ള താൽപര്യവും കുറയും. അങ്ങനെ വരുമ്പോൾ സഹകരണപ്രസ്ഥാനത്തെ തന്നെ അഡ്വേഴ്സായി അഫക്ടുചെയ്യും. അതുകൊണ്ട് ഡിവിഡന്റിനെ ബാധിക്കാതെതന്നെ ഈകാര്യം കൊണ്ടുപോകുന്നതിനു കഴിയുമോ ; സഹകരണ അക്കാഡമിക്ക് തുക സംഭരിക്കുന്നതിനുള്ള മറ്റു മാർഗ്ഗമെന്താണെന്നുള്ളത് വിശദീകരിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly